## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T 72** **28.09.2011 -ൽ മറുപടിക്ക്**

## പ്ലാസ്റ്റിക് വസ്തുക്കൾ

| ചോദ്യം<br><br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ.സി.മമ്മൂട്ടി:<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി:<br>ശ്രീ.സി.മോയിൻകുട്ടി: | | ഉത്തരം<br><br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പരിസ്ഥിതി സൗഹൃദമല്ലാത്തതും ജീവജാലങ്ങളുടെ ആരോഗ്യത്തിനും നിലനില്പിനും ഹാനികരമായതുമായ വിഷവസ്തുക്കളടങ്ങിയ പ്ലാസ്റ്റിക് വസ്തുക്കൾ നമ്മുടെ മാർക്കറ്റുകളിൽ വിറ്റഴിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇറക്കുമതിയിലൂടെയോ അല്ലാതെയോ മാർക്കറ്റുകളിലെത്തിച്ച് വിപണനം നടത്തുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഗുണനിലവാരത്തെക്കുറിച്ചോ അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചോ എന്തെങ്കിലും പഠനമോ പരിശോധനയോ നടത്തുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല |
| (സി) | ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന താലേറ്റ് എന്നപേരിലറിയപ്പെടുന്ന താലിക് അമ്ളം പ്ളാസ്റ്റിക് നിർമ്മിതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (സി) | കൂടിയ അളവിൽ താലേറ്റ് എന്നപേരിലറിയപ്പെടുന്ന താലിക് അമ്ളം ഉപയോഗിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. ആരോഗ്യ വകുപ്പ് ഇതിനെ കുറിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കണ്ണഞ്ചിപ്പിക്കുന്ന നിറത്തിലും , കൊച്ചു കുട്ടികൾക്ക് ഹാനികരമെന്ന മുന്നറിയിപ്പോടെയും മാർക്കറ്റുകളിൽ വന്നു നിറയുന്ന വിലകുറഞ്ഞ കളിപ്പാട്ടങ്ങളുടെയും മറ്റു നിത്യോപയോഗ വസ്തുക്കളുടെയും ഉറവിടത്തെക്കുറിച്ചും അവ ജീവജാലങ്ങൾക്കും മണ്ണിനും കുടിവെള്ളത്തിനും ഉണ്ടാക്കാവുന്ന ദോഷങ്ങളെക്കുറിച്ചും അടിയന്തിരമായി സമഗ്രപഠനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ